ആദിവാസികൾക്ക് നൽകിയിട്ടുള്ള എ. പി. എൽ. റേഷൻ കാർഡ്

5 [585] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

,, *ജോർജ് ജെ. മാത്യു:*

,, *എ. സുജനപാൽ:*

,, *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള എത്രപേർ ഉണ്ട്;

(ബി) ആദിവാസികളിൽ എത്രപേർക്ക് എ. പി. എൽ. റേഷൻ കാർഡുണ്ട്;

(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിൽ അല്ലാത്ത ആദിവാസികൾക്ക് കൊടുത്തിട്ടുള്ള എ. പി. എൽ. റേഷൻ കാർഡ് മാറ്റിക്കൊടുക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) അതിന്റെ ഫലമായി എത്രപേർക്ക് കാർഡ് മാറ്റിനൽകി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 27722 കുടുംബങ്ങൾക്ക്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആദിവാസികൾക്ക് നൽകിയിട്ടുള്ള എ. പി. എൽ. റേഷൻ കാർഡ് മാറ്റി നൽകുന്നതിന് ജില്ല/ താലൂക്ക് സപ്ലൈ ആഫീസുകളുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രോജക്ട് ഓഫീസർമാരും ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 757 പേർക്ക്.

GPM. 2/574/2012—8

LIBRARY ARCHIVES Kerala Legislative Assembly